കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - താൽക്കാലിക പ്രൊമോഷൻ ലഭിച്ച ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ട.) ശ്രീ.എം.ആർ.ഉദയന് അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റുകളും അതനുസരിച്ചുള്ള പെൻഷൻ, ഡി.സി.ആർ.ജി., മറ്റ് പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 755/2016 കേസിന്റെ 09.06.2016-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. .

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.810/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 22.03.2017.

---

പരാമർശം: 1) 26.02.2016-ലെ ശ്രീ.എം.ആർ.ഉദയൻ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ട.) സമർപ്പിച്ച അപേക്ഷ.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 755/2016-ന്മേലുള്ള 09.06.2016-ലെ ഉത്തരവ്.

3) സ.ഉ.(സാധാ) നം.288/2017/തസ്വഭവ ,തീയതി 02.02.2017.

<u>ഉത്തരവ്</u>

ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായി നിയമിതമായ ശ്രീ.എം.ആർ.ഉദയന് ജനറൽ എക്സ്റ്റൻഷൻ ഓഫീസറായും, ജോയിന്റ് ബി.ഡി.ഒ. ആയും സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. ഗ്രാമവികസന വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം ബി.ഡി.ഒ. തസ്തികയിൽ നേരിട്ടും ബൈട്രാൻസ്ഫർ മുഖനയും നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാതിരിക്കുകയും ബഹുഭൂരിപക്ഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ബി.ഡി.ഒ) തസ്തികകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്തിരുന്ന സാഹചര്യത്തിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും, പി.എസ്.സി. ലിസ്റ്റ് നിലവിൽ വരുമ്പോൾ തരംതാഴ്ത്തപ്പെടും എന്ന വ്യവസ്ഥയിൽ, ജോയിന്റ് ബി.ഡി.ഒ.മാർക്ക് കെ.എസ്.&എസ്.എസ്.ആർ ഭാഗം II, ചട്ടം 9 (a) (I) പ്രകാരം താൽക്കാലിക പ്രമോഷൻ നൽകിയിരുന്നു. അതനുസരിച്ച്, 5.6.2010-ലെ ഗ്രാമവികസന കമ്മീഷണറുടെ എസ്റ്റാ.ബി1/13868/10/സി.ആർഡി നമ്പർ നടപടിക്രമം പ്രകാരം ശ്രീ.എം.ആർ.ഉദയന് ബ്ലോക്ക് ഡെയവലപ്പ്മെന്റ് ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക പ്രമോഷൻ അനുവദിക്കുകയും, 31.05.2015-ൽ ടിയാൻ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തു. ബി.ഡി.ഒ. ആയി സ്ഥാനക്കയറ്റം ലഭിച്ചശേഷം വിരമിക്കുന്നതുവരെ ടിയാന് വാർഷിക ഇൻക്രിമെന്റുകൾ ഒന്നും ലഭിച്ചിട്ടില്ലെന്നും, തനിക്കർഹതപ്പെട്ട 7.6.2011, 1.6.2012, 1.6.2013, 1.6.2014 എന്നീ തീയതികളിൽ വാർഷിക ഇൻക്രിമെന്റുകൾ അനുവദിച്ച്, അതനുസരിച്ചുള്ള പെൻഷൻ, ഡി.സി.ആർ.ജി., മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ മുതലായവ അനുവദിക്കണമെന്നും ടിയാൻ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) ഈ ആവശ്യം ഉന്നയിച്ച് ശ്രീ.എം.ആർ.ഉദയൻ OA 755/16 പ്രകാരം കേസ് ഫയൽ ചെയ്യുകയും പരാമർശം (2) പ്രകാരമുള്ള വിധിയിൽ, കോടതി വിധി ലഭിച്ച് രണ്ടുമാസത്തിനുള്ളിൽ പരാതിക്കാരനെ നേരിൽകേട്ട് Annexure A-9-ന്മേൽ തീരുമാനം കൈക്കൊള്ളണമെന്ന് ഒന്നാം എതൃകക്ഷിയോട് (ഗവ.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്) ഉത്തരവിടുകയുണ്ടായി. ആയതുപ്രകാരം 6.8.2016-ൽ ശ്രീ.എം.ആർ.ഉദയനെ അണ്ടർ സെക്രട്ടറി നേരിൽ കേട്ടു.

ഇതേ വിഷയം സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണം നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.എം.ആർ.ഉദയന്, ടിയാന്റെ ജോയിന്റ് ബി.ഡി.ഒ. തസ്തികയിലെ താഴ്ന്ന ശമ്പളസ്കെയിലിലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ തസ്തികയുടെ ഉയർന്ന ശമ്പളസ്കെയിലിൽ ശമ്പളനിർണ്ണയത്തിനും തുടർന്നുള്ള ഇൻക്രിമെന്റുകളും അനുവദിച്ച് അതനുസരിച്ചുള്ള പെൻഷൻ, ഡി.സി.ആർ.ജി, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09.06.2016-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ശ്രീ.എം.ആർ.ഉദയൻ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ട.), മനച്ചിറയ്ക്കൽ ഹൗസ്, വഴിത്തല പി.ഒ., തൊടുപുഴ, ഇടുക്കി ജില്ല. പിൻ - 685 583
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (യു.ഒ.(എഫ്) നം.WW1/30/2017/Fin dated 16.03.2017 പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Beena
സെക്ഷൻ ഓഫീസർ